പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

ബജറ്റ് ആമുഖ പ്രസംഗം 2018-19

മാന്യരേ,

പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ബജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ ഭരണസമിതിയുടെ മൂന്നാമത്തെ ബജറ്റാണിത്. ഗുണകരമായ മാറ്റം അനുഭവവേദ്യമാകുന്നു എന്ന് പൊതുജനങ്ങൾക്ക് ബോധ്യപ്പെടുമ്പോഴാണ് ഏതൊരു സർക്കാരും വിജയിച്ചു എന്ന് വിലയിരുത്തപ്പെടുന്നത്. പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗമോ, മേഖലകളോ, പ്രദേശമോ ഉണ്ടാകാത്ത വിധത്തിൽ ഒരു വികസന സമവാക്യം ആവശ്യമാണ്. പക്ഷേ എല്ലാ മേഖലകളേയും തൃപ്തിപ്പെടുത്തിയുള്ള ഒരു പ്രവർത്തനപട്ടിക തയ്യാറാക്കൽ അസാധ്യമാണ്.

നിലവിലുള്ള വിഭവ സ്രോതസ്സിന്റെ പരിമിതിയിൽ നിന്നുകൊണ്ടുള്ള വികസന ചട്ടക്കൂട് തയ്യാറാക്കുക എന്ന് മാത്രമാണ് സാധ്യമാകുന്നത്. സാമൂഹ്യ വ്യവസ്ഥയിലും ജീവിത സാഹചര്യങ്ങളിലും മാറ്റമുണ്ടാക്കാൻ കഴിയുകയാണെങ്കിൽ മാത്രമേ നിർമ്മിക്കപ്പെടുന്ന ആസ്തികളുടെ പ്രഖ്യാപനങ്ങൾക്ക് പ്രസക്തിയുള്ളു. അത്തരം ഒരു കാഴ്ചപ്പാടിൽ ഊന്നിയുള്ള വികസന സങ്കൽപ്പങ്ങളാണ് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് മുന്നോട്ടുവയ്ക്കാനുള്ളത്. ആ നിലയിൽ പരിഗണന അനിവാര്യമാണെന്ന് വ്യക്തമാകുന്ന മേഖലകൾ കണ്ടെത്തി വികസനത്തിന്റെ തണൽ ഏകുക എന്ന കാഴ്ചപ്പാടാണ് ഗ്രാമപഞ്ചായത്ത് വരും വർഷത്തിൽ തയ്യാറാക്കുന്നത്.

ഏതൊരാളുടെയും സാമാന്യ സങ്കല്പങ്ങളിൽപ്പെടുന്നവയാണ് തലചായ്ക്കാൻ ഒരു വീട്, വീട്ടുമുറ്റത്ത് കുടിവെള്ളം, ഇരുളകറ്റാൻ വൈദ്യുതി സംവിധാനം എന്നിവ. നമ്മുടെ പഞ്ചായത്തിൽ ഭവനരഹിതരായ നിരവധിപേർ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താവായി വന്നിട്ടുണ്ട്. സർക്കാർ സംവിധാനങ്ങളിലൂടെയും പരമ്പരാഗത വിഭവ സ്രോതസ്സുകളിലൂടെയും പരമാവധി ഗുണഭോക്താക്കൾക്ക് എത്രയും വേഗത്തിൽ സഹായം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. വികസന ഫണ്ടിന്റെ പ്രധാന ഭാഗവും ഇതിനായി മാറ്റിവയ്ക്കേണ്ടതായി വരും.

നമുക്കെല്ലാം അറിവുള്ളതുപോലെ വികസനഫണ്ട് തന്നെയാണ് നമ്മുടെ പ്രധാന വിഭവസ്രോതസ്സ്. അതോടൊപ്പം നമ്മുടെ തനത് വരുമാനവും. എന്നാൽ നമ്മുടെ പഞ്ചായത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയിൽ തനത് വരുമാനത്തിന്റെ ലഭ്യതക്കുറവ് നമ്മുടെ പ്രതീക്ഷകളെ മങ്ങൽ ഏൽപ്പിക്കുന്നു. അതുകൊണ്ട് വികസനഫണ്ടിന്റെ ചട്ടകൂടുകൾക്ക് അകത്തുനിന്നുകൊണ്ടുമാത്രമേ നമ്മുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുകയുള്ളു. ആ നിലയിൽ അതത് മേഖലകൾക്ക് ഫണ്ടുകൾ മാറ്റിവച്ചുകൊണ്ടും യാതൊരു രീതിയിലും വകമാറ്റപ്പെടാതെയും പദ്ധതി രൂപീകരണത്തിന് മുൻഗണന നൽകുന്നതാണ്. പങ്കാളിത്ത വികസന സങ്കൽപ്പത്തിൽ ഗ്രാമസഭകൾക്ക് നിർണ്ണായകകരമായ സ്ഥാനമാണ് ഉള്ളത്. ഗ്രാമസഭകളിൽ നിന്നുമുള്ള അഭിപ്രായങ്ങൾക്കൊപ്പം മറ്റ് വഴികളിലൂടെ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന നിർദ്ദേശങ്ങളും വികസനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്.

സർക്കാരിന്റെ നിർദ്ദേശാനുസരണം ലൈഫ് പോലുള്ള ചില പദ്ധതികൾക്ക് കൂടുതൽ തുക മാറ്റിവയ്ക്കുമ്പോൾ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭ്യതക്കുറവ് വരുമെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു. എങ്കിലും ഉല്പാദന-സേവന മേഖലകൾക്ക് വരും വർഷങ്ങളിലും ശ്രദ്ധയും പരിഗണനയും ഉണ്ടാകുമെന്ന് ഉറപ്പ് തരുന്നു.

ബജറ്റ് അനുബന്ധപ്രവർത്തനങ്ങൾക്കും ഫലപ്രാപ്തിയോടെയുള്ള പദ്ധതി നടത്തിപ്പിനും എല്ലാ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ബജറ്റ് അവതരണത്തിനായി നമ്മുടെ ബഹുമാന്യനായ വൈസ്പ്രസിഡന്റ് ശ്രീ. വി. രാധാകൃഷ്ണനെ ക്ഷണിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ധന്യാകൃഷ്ണൻ

(പ്രസിഡന്റ്, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്)

പഞ്ചായത്താഫീസ്,
26.3.2018.

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

ബജറ്റ് പ്രഖ്യാപനരേഖ 2018-19

പ്രിയപ്പെട്ടവരെ,

പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ മൂന്നാമത്തെ ബജറ്റാണിത് മുൻവർഷത്തി ലേതുപോലെ തന്നെ 2018-19 സാമ്പത്തിക വർഷത്തിലെ ഈ ബഡ്ജറ്റ് നമ്മുടെ പഞ്ചായത്തിന്റെ പൊതു സാമ്പത്തിക വികസനത്തിനും സേവനതുറകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വിവിധ മേഖലയിലെ വികസനത്തിനും നിർണ്ണായ കമായ പങ്ക് വഹിക്കാൻ കഴിയേണ്ടതുണ്ട്. എന്ന ഉറച്ച് വിശ്വാസത്തോടെ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്.

സർക്കാർ, സർക്കാർ സ്ഥാപനങ്ങൾ, ഏജൻസികൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും തനത് വരു മാനവും കൂടിച്ചേരുന്നതാണ് നമ്മുടെ വിഭവ സ്രോതസ്സ്. ഭവനരഹിതരുടെ വലിയ പ്രതീക്ഷയാണ് ലൈഫ് ഭവനപദ്ധതി. പദ്ധ തിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് നാല് ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. വാർഷിക പദ്ധതിയുടെ വലി യൊരുഭാഗവും ഇതിനായി മാറ്റി വയ്ക്കേണ്ടിവരുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ നിരവധി പ്രദേശങ്ങൾ കുടിവെള്ള ലഭ്യതക്കുറവിന്റെ പ്രശ്നങ്ങൾ നേരിടുന്നു. അവിടങ്ങ ളിൽ വരൾച്ചാ സമയത്ത് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികൾ വഴിയും ത്രിതല പഞ്ചായത്ത് സംവിധാനം വഴിയും പരിഹാരം കാണേണ്ടതാണ്.

പ്രാദേശിക വികസനത്തിനും സാമൂഹ്യനീതിക്കുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഹരിത കേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നീ നാല് മിഷനുകളുടെയും കൃഷി, ജലം, ശുചിത്വം എന്നീ മൂന്ന് ഉപമി ഷനുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പദ്ധതികൾക്ക് രൂപം നൽകണമെന്നാണ് സർക്കാർ നിർദ്ദേശം. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ വികസനത്തിന് പ്രഥമ പരിഗണന നൽകേണ്ടതുണ്ട്. നിരാശ്രയരായവർ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി സംരക്ഷണം നൽകാനുള്ള പരിശ്രമം ആവശ്യമാണ്. ഈ മേഖലയിൽ ഏറ്റവും നന്നായി പ്രവർത്തിക്കു വാൻ കഴിയുന്ന സംവിധാനം കുടുംബശ്രീ ആയതിനാൽ കുടുംബശ്രീ-ആശ്രയ പ്രവർത്തനങ്ങൾ വഴി പരിഹാരം ഉണ്ടാക്കാൻ പദ്ധതികൾ രൂപീകരിക്കണം. നിരവധി ആശയങ്ങൾക്കൊപ്പം നമ്മുടെ പശ്ചാത്തല മേഖലയുടെ വികസനത്തിനും, പരിപാല നത്തിനും തുക മാറ്റി വയ്ക്കേണ്ടതുണ്ട്. വനിതാക്ഷേമ പ്രവർത്തനങ്ങൾക്കും ബജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം പദ്ധതി എന്ന നിലയിൽ എല്ലാ മേഖലയ്ക്കും കാര്യമായ ഊന്നൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 2017-2018 വർഷത്തെ ബജറ്റിൽ നിർദ്ദേശിക്കപ്പെട്ട ഭൂരിപക്ഷം പദ്ധതികളും നമുക്ക് ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം അടിസ്ഥാന കാഴ്ചപ്പാടുകളെ മുൻനിർത്തി പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകുവാനാണ് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം. വകയിരുത്തലുകളിലോ, വീക്ഷണങ്ങളിലോ അപാകതകൾ ദർശിക്കുകയാണെങ്കിൽ വിവിധ തലങ്ങളിലൂടെയും ചർച്ചകളിലൂടെയും നടപടിക്രമങ്ങളിലൂടെയും അപാകതകൾ ചൂണ്ടിക്കാട്ടി ബജറ്റ് സമ്പുഷ്ടമാക്കാവുന്നതാണ്.

വിവിധ മേഖലകളിൽ ഊന്നൽ നൽകികൊണ്ട് 176000330 രൂപ വരവും 171378750 രൂപ ചെലവും 4621580 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന 2018-19 വർഷത്തേക്കുള്ള ഈ ഭരണസമിതിയുടെ മൂന്നാമത്തെ ബജറ്റ് സഭയ്ക്ക് മുന്നിൽ അവതരിപ്പിക്കുന്നു.

വിഭവസ്രോതസ്സ്

വസ്തു നികുതി	- 6000000	എം.ജി.എൻ.ആർ.ജി.എസ്.	- 30000000
തൊഴിൽ നികുതി	- 2500000	ബ്ലോക്ക് പഞ്ചായത്ത്	- 500000
വാടക	- 63360	ജില്ലാ പഞ്ചായത്ത്	- 500000
ജനറൽ പർപ്പസ് ഫണ്ട്	- 12695000	ഗുണഭോക്തൃവിഹിതം	- 2268750
വികസനഫണ്ട് ജനറൽ	- 22542000	ICDS	- 1400000
വികസനഫണ്ട് പട്ടികജാതി	- 18173000	ശുചിത്വമിഷൻ	- 250000
റ്റി.എസ്. പി.	- 138000	നികുതി ഇതരം	- 2013960
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	- 10461000	പഞ്ചായത്ത് ദുരിതാശ്വാസ നിധി	- 25000
മെയിന്റനൻസ് റോഡ്	- 3802000	കേരളോത്സവം	- 20000
നോൺ റോഡ്	- 4571000	ടോട്ടൽ സാനിറ്റേഷൻ	- 500000

ബജറ്റ് സംക്ഷിപ്തം

കൃഷി-ജലസേചനവും

നമ്മുടെ പഞ്ചായത്തിൽ ജൈവകൃഷി പ്രോത്സാഹനമാണ് ലക്ഷ്യമിടുന്നത്. നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് ഉദ്ദേശിക്കുന്നു.

1 നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ 6 ലക്ഷം രൂപ

2 കുടുംബശ്രീ വഴി പച്ചക്കറി കൃഷി വ്യാപനത്തിന് 3 ലക്ഷം രൂപ വകയിരുത്തുന്നു.

3. കർഷകർക്ക് ജലസേചന പമ്പ്സെറ്റിന് രണ്ടര ലക്ഷം രൂപ വകയിരിത്തുന്നു.

4 വാഴകൃഷി പ്രോത്സാഹനത്തിന് 5 ലക്ഷം രൂപയും ഇടവിളകൃഷിക്ക് 6 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തുന്നു.

5. ജലസേചനത്തിനായി ചിറകളുടെയും, തോടുകളുടെയും സംരക്ഷണത്തിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

6. കാർഷിക ഉൽപ്പന്ന വിപണനകേന്ദ്രത്തിന് അടിസ്ഥാന സൗകര്യത്തിന് 5 ലക്ഷം രൂപ വകയിരുത്തുന്നു.

മൃഗസംരക്ഷണം

പശു വളർത്തലിന് 12 ലക്ഷം രൂപയും

ആട് വളർത്തലിന് 7125000 രൂപയും

മുട്ടക്കോഴി യൂണിറ്റിന് 199500 രൂപയും ബജറ്റിൽ വകയിരുത്തുന്നു.

കാലിത്തൊഴുത്ത് നിർമ്മാണത്തിന് 95000 ബജറ്റിൽ വകയിരുത്തുന്നു.

കന്നുകുട്ടി പരിപാലനത്തിന് 356250 രൂപയും വകയിരുത്തുന്നു.

ക്ഷീരകർഷകർക്ക് പാലിനുള്ള സബ്സിഡി ഇനത്തിൽ 4 ലക്ഷം രൂപ വകയിരുത്തുന്നു.

സാമൂഹ്യക്ഷേമം

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 3 ലക്ഷം രൂപ, കിണർ കഴുത്ത്കെട്ടി ശുചിത്വകിണർ ആക്കുന്നതിന് അഞ്ച് ലക്ഷം രൂപ, വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് 826500 രൂപ വകയിരുത്തുന്നു. ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പിന് ഒന്നരലക്ഷം രൂപ, ആശ്രയ പദ്ധതിക്ക് ഒരു ലക്ഷം രൂപ, വികലാംഗർക്ക് വീൽചെയർ നൽകുന്നതിന് 175000 രൂപയും, വികലാംഗർക്ക് മുച്ചക്രവാഹനം നൽകുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതം ഒരു ലക്ഷം രൂപയും, ജനറൽ വീട് മെയിന്റനൻസിന് 30 ലക്ഷം രൂപയും വകയിരുത്തുന്നു. അംഗൻവാടികൾക്ക് പൈപ്പ് കണക്ഷൻ നൽകുന്നതിന് 1 ലക്ഷം രൂപയും, കുടുംബശ്രീ തയ്യൽ പരിശീലനത്തിന് മൂന്നു ലക്ഷം രൂപയും, കുടുംബശ്രീ റിവോൾവിംഗ് ഫണ്ടിന് 5 ലക്ഷം രൂപയും, ബജറ്റിൽ വകയിരുത്തുന്നു.
അംഗൻവാടി കുട്ടികൾക്ക് പോഷകാഹാരത്തിന് 10 ലക്ഷം രൂപയും
അംഗൻവാടിക്ക് വസ്തുവാങ്ങുന്നതിന് രണ്ടരലക്ഷം രൂപയും
അംഗൻവാടി കെട്ടിട നവീകരണത്തിന് 5 ലക്ഷം രൂപയും
അംഗൻവാടി കെട്ടിട നിർമ്മാണത്തിന് 5 ലക്ഷം രൂപയും
അംഗൻവാടിക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിന് 171000 രൂപയും ബജറ്റിൽ വകയിരുത്തുന്നു.
ജാഗ്രതസമിതിക്ക് 50000 രൂപ വകയിരുത്തുന്നു.

പട്ടികജാതിവിഭാഗം

വീട് മെയിന്റനൻസിന് 4750000 രൂപയും

ഡിഗ്രിവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണത്തിന് 1710000

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കൾ വാങ്ങുന്നതിന് 256500 രൂപയും

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർടാങ്ക് വാങ്ങി നൽകുന്നതിന് 1710000 രൂപയും.

വിദ്യാർത്ഥികൾക്ക് മേശയും, കസേരയും വാങ്ങി നൽകുന്നതിന് 190000 രൂപയും വകയിരുത്തുന്നു.

കോളനികളിൽ കക്കൂസ് നിർമ്മാണത്തിന് 2 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുന്നു.

വിദ്യാഭ്യാസം

എസ്. എസ്.എ വിഹിതം 10 ലക്ഷം രൂപയും

സ്കൂൾ കെട്ടിട നവീകരണത്തിന് 10 ലക്ഷം രൂപയും

മാറനാട് സ്കൂളിന് ലാപ്ടോപ്പും എൽ.സി.ഡി. പ്രോജക്ടറും സ്കൂൾ ഹൈടെക്ക് ആക്കുന്നതിന് 5 ലക്ഷം രൂപയും

GWLPS ഐരുക്കുഴി സ്കൂളിന് മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും വകയിരുത്തുന്നു.

സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണത്തിന് 6 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുന്നു.
കിഴക്കേ മാറനാട് സാംസ്കാരിക നിലയത്തിന് പുസ്തകവും ഫർണീച്ചറും വാങ്ങുന്നതിന് 1 ലക്ഷം രൂപയും
ലൈബ്രറികൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് 1 ലക്ഷം രൂപയും
രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റിന് 1 ലക്ഷം രൂപയും
വിദ്യാർത്ഥിനികൾക്ക് കരാട്ടെ പരിശീലനത്തിന് രണ്ടര ലക്ഷം രൂപയും
സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് രണ്ടര ലക്ഷം രൂപയും വകയിരുത്തുന്നു.

ആരോഗ്യം

1. പാലിയേറ്റീവ് കെയറിന് 6 ലക്ഷം രൂപ
2. ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ 6 ലക്ഷം രൂപ
3. പി.എച്ച്.സി-യ്ക്ക് 1 ലക്ഷം രൂപയും
4. ഹോമിയോ ആശുപത്രിയിൽ മരുന്ന് വാങ്ങുന്നതിന് 1 ലക്ഷം രൂപയും
5. വെറ്ററിനറി ആശുപത്രിയിൽ മരുന്ന് വാങ്ങുന്നതിന് 50000 രൂപയും
6. ആയുർവേദ ആശുപത്രിയിൽ മിനിപഞ്ചകർമ്മ തീയേറ്റർ ഒന്നര ലക്ഷം രൂപയും
7. എസ്.എൻ.പുരം പി.എച്ച്.സി ആശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം ഒരു ഡോക്ടറെ കൂടി നിയമിച്ച് ഉച്ചയ്ക്ക് ശേഷം ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിനുവേണ്ടി 4 ലക്ഷം രൂപയും

8. പി.എച്ച്.സി. ആർദ്രം പദ്ധതി പ്രകാരം ആശുപത്രി നവീകരണത്തിനുവേണ്ടി 5 ലക്ഷം രൂപയും
9. സബ്സെന്റർ നവീകരണത്തിന് 5 ലക്ഷം രൂപയും
10. പി.എച്ച്.സി.ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 5 ലക്ഷം രൂപയും വകയിരുത്തുന്നു.
11. എസ്.എൻ.പുരം പി.എച്ച്.സി യ്ക്ക് ആംബുലൻസ് വാങ്ങുന്നതിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു.
12. മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഭൂമി വാങ്ങൽ 5 ലക്ഷം രൂപയും വകയിരുത്തുന്നു.

പൊതുഭരണം

1. ഫ്രണ്ട് ആഫീസ് നവീകരണത്തിന് 1 ലക്ഷം രൂപയും
2. തെരുവുവിളക്കുകളുടെ നവീകരണം 7 ലക്ഷം രൂപയും
3. പഞ്ചായത്താഫീസ് നവീകരണം 10 ലക്ഷം രൂപയും
4. മാർക്കറ്റ് നവീകരണം 7 ലക്ഷം രൂപയും
5. പഞ്ചായത്ത് ദിശാസൂചിക ബോർഡ് സ്ഥാപിക്കാൻ 1 ലക്ഷം രൂപയും
6. പഞ്ചായത്ത് സ്റ്റേഡിയം നവീകരണത്തിന് 7 ലക്ഷം രൂപയും
7. പശ്ചാത്തല മേഖലയിൽ റോഡുകളുടെ നവീകരണത്തിന് ഒന്നരകോടി രൂപയും ബജറ്റിൽ വകയിരുത്തുന്നു.
8. പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഫർണ്ണീച്ചറിന് ഒരു ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുന്നു.

സുഹൃത്തുക്കളെ,

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം 27 അനിവാര്യ ചുമതലകളും അതോടൊപ്പം പൊതു ചുമതലകളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ചുമതലകളുടെ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സേവനവിതരണം ജനകീയമാക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് ആവശ്യമായ വകയിരുത്തലുകൾ ഉണ്ട്.

രോഗഭീതിയിൽ സാധാരണക്കാരായ നമ്മുടെ മനുഷ്യർ ഉരുകി തീർന്നുകൂടാ. അവർക്ക് ആശ്വാസത്തിന്റെ കൈത്താങ്ങായി 'ആർദ്രം' മിഷൻ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കണം. "പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം" എന്ന പദ്ധതിയിലൂടെ പഞ്ചായത്തിന്റെ മുഴുവൻ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലും ദീർഘകാല കാഴ്ചപ്പാടോടുകൂടി സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പരിപാടികൾക്ക് രൂപം നൽകും. സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവന രഹിതർക്കും വാസയോഗ്യമായ ഭവനം സ്വന്തമാക്കി നൽകുക എന്ന ലക്ഷ്യത്തോടെയാണ് 'ലൈഫ്' സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പാക്കുക.

ഈ ബജറ്റ് തയ്യാറാക്കുവാൻ സഹായിച്ച ബഹു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ധന്യാകൃഷ്ണൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, സഹപ്രവർത്തകരായ ഗ്രാമപഞ്ചായത്തംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് ജീവനക്കാർ തുടങ്ങി ഓരോരുത്തർക്കും ഉള്ള നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

വിശ്വസ്തതയോടെ,

വി. രാധാകൃഷ്ണൻ

(വൈസ് പ്രസിഡന്റ് &
ചെയർമാൻ, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്)